"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ശൃംഖല കെ-ഫോണുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ– ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതിയും നിർദ്ദേശങ്ങളും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.210/2025/ITD തീയതി,തിരുവനന്തപുരം, 17-09-2025

---

പരാമർശം:-

1. കെഫോൺ നെറ്റ്‌വർക്ക് KSWAN -നുമായി സംയോജിപ്പിക്കുന്നതിനുള്ള ടെക്നോ- കൊമേഴ്സ്യൽ പ്രൊപ്പോസൽ.
2. കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടറുടെ 27-09-2024 -ലെ KSWAN/5/2024-KSITM നമ്പർ കത്ത്.
3. ഇ & ഐ.ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന 26.07.2025 -ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

2008ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) നിലവിൽ കേരളത്തിലെ 4800 ലധികം സർക്കാർ ഓഫീസുകൾക്ക് കണക്റ്റിവിറ്റി ലഭ്യമാക്കുന്നു. തിരുവനന്തപുരത്ത് ഒരു നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്റർ (NOC), 14 ജില്ലാ ആസ്ഥാനങ്ങളിലും (ഡിഎച്ച്ക്യു), വികാസ് ഭവനിലും തിരുവനന്തപുരത്തെ പബ്ലിക് ഓഫീസിലും ഡിപ്പാർട്ട്മെന്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (D-WAN), 140 ബ്ലോക്ക് ഹെഡ് ക്വാർട്ടേഴ്സ് (ബിഎച്ച്ക്യു), 60 മിനി പോയിന്റ് ഓഫ് പ്രസൻസ് (MPOP) എന്നിവ ഉൾക്കൊള്ളുന്നതാണ് KSWAN ശൃംഖല. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ശൃംഖലയുടെ നെറ്റ്‌വർക്ക് കെ-ഫോണുമായി സംയോജിപ്പിക്കുന്നതിനുള്ള ടെക്നോ-കൊമേഴ്സ്യൽ പ്രൊപ്പോസൽ (CAPEX, OPEX, ബാൻഡ്‌വിഡ്ത്ത്, പ്രോജക്റ്റ് മാനേജ്മെന്റ് ചെലവ് എന്നിവ ഉൾപ്പെടെ) അഞ്ച് വർഷത്തേക്ക് 61,86,97,383/- രൂപ (നികുതി ഒഴികെ) ചെലവ് വരുന്ന പ്രൊപ്പോസൽ സൂചന (1) പ്രകാരം കെ-ഫോൺ തയ്യാറാക്കുകയുണ്ടായി.

2. കെ-ഫോൺ സമർപ്പിച്ച പ്രൊപ്പോസലിന്റെ ടെക്നിക്കൽ ഫീസബിലിറ്റി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ പരിശോധിക്കുകയും, പരാമർശം (2) പ്രകാരം ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KFON ശൃംഖലയുമായി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ശൃംഖലയുടെ സംയോജനത്തിനുള്ള ശുപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ചുവടെ കാണും പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

i. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് കെ-ഫോൺ ശൃംഖലയുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ CAPEX, OPEX എന്നിവ ഉൾപ്പെടുന്ന ഘടകങ്ങൾക്ക് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഓപ്പൺ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിന് ആവശ്യമായ ബാൻഡ്‌വിഡ്ത്ത് കെ-ഫോൺ ലിമിറ്റഡിൽ നിന്ന് ലഭ്യമാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
#ApprovedByDesignation#

പകർപ്പ് :
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ ടി മിഷൻ.
മാനേജിംഗ് ഡയറക്ടർ , കെ-ഫോൺ ലിമിറ്റഡ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21-06-2025-ലെ 2967855/EXP-B3/376/2024-FIN പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ&പിആർഡി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mahesh R
സെക്ഷൻ ഓഫീസർ
Date: 18-09-2025 10:55:19